പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2453 — 19.07.2016 ൽ മറുപടിക്ക്

**ജലഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗതത്തിനായി നിലവിൽ സംസ്ഥാനത്ത് എത്ര ബോട്ടുകളും, ജംഗാറുകളും ഉപയോഗിച്ചു വരുന്നു എന്നറിയിക്കാമോ; | (എ) | 51 ബോട്ടുകൾ സംസ്ഥാനത്ത് സർവ്വീസുകൾ നടത്തി വരുന്നു. |
| (ബി) | ഇവയുടെ കാലപ്പഴക്കം എത്രയെന്ന് അറിയിക്കാമോ; | (ബി) | 25 വർഷത്തിനുമേൽ പഴക്കമുള്ള 14 ബോട്ടുകൾ നിലവിലുണ്ട്. ബാക്കിയുള്ളവ 15 വർഷത്തിൽ താഴെ കാലപഴക്കമുള്ളവയാണ്. |
| (സി) | കാലഹരണപ്പെട്ടവ മാറ്റി പുതിയവ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ; | (സി) | കാലപ്പഴക്കം കൂടിയ 25 വർഷത്തിനുമേൽ പഴക്കമുള്ള 14 തടിബോട്ടുകൾ മാറ്റി പുതിയ ആധുനീക സാങ്കേതിക വിദ്യയിലുള്ള ബോട്ടുകളാക്കി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 9 കാറ്റമാരൻ ബോട്ടുകളും 5 പുതിയ സ്റ്റീൽ ബോട്ടുകളും വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പുതുതായി രണ്ട് വേഗത കൂടിയ ആധുനീക ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ; | (ഡി) | സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കേരള ഇൻലാന്റ് വെസൽസ് റൂൾ 2010 -ൽ അനുശാസിക്കുന്ന എല്ലാ സുരക്ഷാ ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ലൈഫ് ജാക്കറ്റുകൾ യാത്രാക്കാർക്കായി ക്രമീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ലൈഫ് ബോയ്, ബോയന്റ് അപ്പാരറ്റസ് എന്നീ സുരക്ഷാ ഉപകരണങ്ങളും, ആശയവിനിമയത്തിനായി സി.യു.ജി ഫോൺ സംവിധാനവും ബോട്ടുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രാക്കാർക്കും ജീവനക്കാർക്കും ബോട്ടിനും ഇൻഷ്വറൻസ് പരിരക്ഷ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) | തിരക്ക് കൂടുതലുള്ള സ്ഥലങ്ങളിലേക്ക് കൂടുതൽ ബോട്ട് സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ;? | (ഇ) | നിലവിലുള്ള സർവ്വീസുകൾക്ക് പുറമേ തിരക്ക് കൂടുതലുള്ള സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ